ണ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യസമരം നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. ആ പാഠം നാം മറക്കാതിരിക്കുക. എത്ര വലിയ പ്രകോപനമുണ്ടായാലും, സിഖ് സഹോദരർക്കെതിരായി ഹിന്ദുക്കളുടെ ആയുധമേന്തിയ കൈകൾ ഉയരാതിരിക്കട്ടെ! പഞ്ചാബിനു പുറമേ, മററു പ്രദേശങ്ങളിൽ ധാരാളം സിഖുകാരുണ്ടു്. ഇവർക്ക് ഒരുതരത്തിലുള്ള അരക്ഷിതത്വബോധവും ഉളവാകാതെ നോക്കേണ്ടതു് ആ പ്രദേശങ്ങളിലെ ഹിന്ദുക്കളുടെ പാവനമായ കർത്തവ്യമാകുന്നു.

(13 ആഗസ്റ്റ്, 1986)

# 40. കരംജീത്തിൻെറ കുടുംബപശ്ചാത്തലം

ഇക്കഴിഞ്ഞ ഒക്ടോബർ 2–ാം തീയതി, ദില്ലിയിൽ രാജ്ഘട്ടിലുള്ള മഹാത്മാഗാന്ധിയുടെ സമാധിയിൽ അനുസ്മരണപ്രാർത്ഥനയിൽ പങ്കെടുക്കുമ്പോഴും, അതു കഴിഞ്ഞു തിരിച്ചുവരുമ്പോഴും ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയെ ഒരാൾ വെടിവയ്ക്കുകയുണ്ടായി. ഉന്നത്തിൽ ഉണ്ട എത്തിക്കാൻ കഴിവില്ലാത്ത ഒരു നാടൻ തോക്കായിരുന്നു കൊലയാളിയുടെ കൈയിലുണ്ടായിരുന്നതു്. അതുകൊണ്ടുമാത്രമാണു പ്രധാനമന്ത്രി ജീവാപായം കൂടാതെ രക്ഷപ്പെട്ടതു്. സമാധിയിലേക്കു വിശിഷ്ട വ്യക്തികൾ കടന്നുവരുന്ന പ്രവേശനദ്വാരത്തിൽനിന്നു കഷ്ടിച്ച് അമ്പതു് അടി അകലെ, സിമൻറുകൊണ്ടു തീർത്ത ഒരു ചെറുപന്തലിൻെറ മുകളിൽ പടന്ന ചെടികൾക്കിടയിൽ ഒളിച്ചിരുന്നാണ് അയാൾ പ്രധാനമന്ത്രിക്കു നേരെ നിറയൊഴിച്ചതു്. തിന്നാൻ കടലയും കുടിക്കാൻ വെള്ളവും ഒക്കെ കരുതി തലേന്നു രാത്രിമുതൽ അയാൾ അവിടെ ഇരിക്കുകയായിരുന്നു. കാവൽക്കാരുടെ അശ്രദ്ധയ്ക്കു് ഇതിൽപരം തെളിവ് വേറെ വേണ്ടതില്ല. രാജീവ് ഗാന്ധിക്കു വെടികൊണ്ടില്ലെങ്കിലും, ചുററുമുള്ള ആറു് ആളുകൾക്കു വെടികൊണ്ടു ചെറിയ പരുക്കുകൾ പററി. പോലീസുകാർ വളഞ്ഞപ്പോൾ കൊലയാളി ചെടിപ്പടപ്പിൽനിന്നു പുറത്തുവന്നു കീഴടങ്ങി. പോലീസിനോടു് അയാൾ പറഞ്ഞതു് ഒരു കള്ളപ്പേരും കള്ളമേൽവിലാസവുമായിരുന്നു. എങ്കിലും, പഞ്ചാബിൽ സാംഗ്രൂർ ജില്ലയിൽ 'സുനാം' എന്ന നഗരത്തിൽ 'ശഹീദ് ഉദ്ദാം നഗർ' എന്ന കോളനിയിൽ പാർത്തിരുന്ന കരംജീത് സിംഹ് ആണ് അയാൾ എന്നു പോലീസുകാർ വളരെ വേഗം കണ്ടെത്തി.

കരംജീത് സിംഹ് എന്തിന് ഈ നികൃഷ്ടകൃത്യം ചെയ്തു? ഒരു ഗൂഢാലോചനയുടെ നിർവഹണത്തിനാണോ അയാൾ ശ്രമിച്ചതു്? ഖാലിസ്ഥാൻ വാദികളായ സിഖ് ഭീകരന്മാരുമായി അയാൾക്കു ബന്ധമുണ്ടോ? ഈ കാര്യങ്ങളൊന്നും ഇനിയും വെളിയിൽ വന്നിട്ടില്ല. പക്ഷേ, അയാളുടെ കുടുംബപശ്ചാത്തലം സംബന്ധിച്ച വിവരങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

തകർന്ന ഒരു കുടുംബത്തിലെ മൂത്ത പുത്രനാണ് കരംജീത്. അയാളുടെ അച്ഛൻ അമർസിംഹ് സുനാം നഗരത്തിൽ നയാബസാർ എന്ന തെരുവിൽ ഒരു വാച്ച് റിപ്പയർകട നടത്തിവരുന്നു. കരംജീത്തിൻെറ അമ്മയുടെ പേരു് ദയാൽകൗർ എന്നാണ്. പരംജീത് സിംഹ് എന്ന മന്ദബുദ്ധിയായ ഒരു സഹോദരനും, ജസ്‌വീന്ദർസിംഹ് എന്ന പതിനഞ്ചു വയസ്സായ മറെറാരു സഹോദരനും ഹർപ്രീത് എന്ന ഒരു സഹോദരിയും കരംജീത്തിനുണ്ട്.

അച്ഛൻ അമർസിംഹം അമ്മ ദയാൽകൗറും പരസ്പരം ശത്രുതയിലാണ്. അതിനാൽ കരംജീത്തിന്റ പിതൃസ്നേഹം ലഭിച്ചിട്ടില്ല. തന്റെ ഭർത്താവിനെപ്പററി ദയാൽകൗർ പത്രപ്രതിനിധിയോട് പറഞ്ഞുവത്രേ: 'ജീവകാലമത്രയും അയാരം പെണ്ണുങ്ങളുടെ പുറകേ നടക്കുകയായിരുന്നു. എന്റെ സഹോദരിയോടുപോലും അയാരംക്കു ബന്ധമുണ്ടായിരുന്നു. ഒരിക്കലും അയാരം അദ്ധ്വാനിച്ചിട്ടില്ല. എന്നെ കല്യാണംകഴിക്കുമ്പോരം അയാരംക്ക് ഒരു തയ്യൽക്കട ഉണ്ടായിരുന്നു. പിന്നീട് അയാരം ഒരു ധാന്യമാവുമില്ല തുടങ്ങി. രണ്ടും പൊളിഞ്ഞപ്പോരം ആരംഭിച്ചതാണു വാച്ച് റിപ്പയർകട. പണം വീട്ടിൽ തരാതെ അയാരം തന്നിഷ്ടംപോലെ ചെലവഴിച്ചുവന്നു.അഞ്ചു മക്കളുണ്ടെങ്കിലും, അവരെ വളർത്താൻ ഒരു കാശ്ശും അയാരം എനിക്കു തന്നിട്ടില്ല.'

അടുത്തകാലത്തായി, ദയാൽകൗറും കുട്ടികളും പാർക്കുന്ന വീട്ടിൽ നിന്ന് അവർ ഒഴിഞ്ഞുപോകണമെന്ന് അമർസിംഹ് ആവശ്യപ്പെട്ടു. ഈ ആവശ്യം സാധിച്ചുകിട്ടുന്നതിനായി അയാരം കോടതിയിൽ കേസ് കൊടുക്കുകയുംചെയ്തു. അതിനാൽ, കരംജീത്സിംഹ് പണിയെടുത്തു നേടിയ പണംകൊണ്ട് ഒരു വീട് ദയാൽകൗർ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പൂർത്തിയാകാത്ത ഈ വീട്ടിലാണ് ഇപ്പോരം ദയാൽകൗർ തന്റെ മന്ദബുദ്ധിയായ മകനും ഇളയ മകളുമൊന്നിച്ചു പാർക്കുന്നത്.

എങ്കിലും അങ്ങാടിയിൽ അമർസിംഹിനു നല്ല പേരാണ്. 'നയാബസാർ വ്യാപാരി സംഘടന'യുടെ അദ്ധ്യക്ഷനാണ് അയാരം. വർഷങ്ങാംക്കുമുമ്പ് അയാരം നാടൻതോക്കുകരം ഉണ്ടാക്കി വിററിരുന്നതായി പോലീസ് റിക്കാർഡുകളിലുണ്ട്. അതൊക്കെ ആളുകരം മിക്കവാറും മറന്നുകഴിഞ്ഞിരിക്കുന്നു. ഇപ്പോരം അയാരംക്കു പൊളിററിക്സ് ഒന്നുമില്ല എന്നാണു നാട്ടുകാർ പറയുന്നത്.

അച്ഛന്റെ സ്നേഹം ലഭിക്കാതെയാണ് കരംജീത്തും കൂടപ്പിറപ്പുകളും വളർന്നത് എന്നു പറഞ്ഞുവല്ലോ. സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു കരംജീത്. ശഹീദ് ഉദ്ദാം സിംഹ് ഗവണ്മെൻറ് കോളേജിൽ നിന്നു ഭേദപ്പെട്ട വിധത്തിൽ ഇൻറർ മീഡിയററ് പരീക്ഷ പാസ്സായശേഷം അയാരം സാംഗ്രൂരിലെ ഗവണ്മെൻറ് കോളേജിൽ പ്രീ എൻജിനീയറിങ് കോഴ്സിനു ചേർന്നു. ഒന്നാം വർഷത്തെ പരീക്ഷയ്ക്കു തോററതോടെ അയാരം പഠിപ്പ് ഉപേക്ഷിച്ചു. 'പണമോ, സ്വാധീനമോ ഉണ്ടായിരുന്നെങ്കിൽ അവനു് എൻജിനീയറിങ് കോഴ്സിൽ പ്രവേശനം കിട്ടിയേനെ' എന്നാണ് അമ്മ ദയാൽകൗർ അതിനെപ്പററി പറയുന്നത്.

ഭാട്ടിൻഡ ജില്ലയിലെ 'രാംപുര' എന്ന സ്ഥലത്തു മാർക്കററിങ് ഫെഡറേഷനിൽ കരംജീത്തിന് ഒരു ജോലി കിട്ടി. തന്റെ ആറു മാസത്തെ സമ്പാദ്യം ഉപയോഗപ്പെടുത്തി നാട്ടിൽ സുനാം പട്ടണത്തിൽ ഒരു വീടു പണിയാനും അയാരം തുടങ്ങി. ഭർത്താവിനെ ആശ്രയിക്കാതെ ജീവിക്കാൻ വേണ്ട സമ്പാദ്യം ഉണ്ടാക്കുന്നതിനായി ദയാൽകൗർ ഒരു ചെറിയ പലവ്യഞ്ജനക്കട തുറന്നു. ഈ കടയിൽ ഇപ്പോഴും കച്ചവടം നടക്കുന്നുണ്ട്. പക്ഷേ, അതെങ്ങനെ നടത്തിക്കൊണ്ടുപോകണമെന്ന് ദയാൽകൗറിന് അറിഞ്ഞുകൂടാ. മകൻ പരംജീത് മന്ദബുദ്ധിയാണ്: പണം എണ്ണാൻതന്നെ അയാരംക്കു വശമില്ല. സ്കൂളിൽ പഠിച്ചിരുന്ന, പതിനഞ്ചു വയസ്സായ, ജസ്വീന്ദർസിംഹ് എന്ന മകൻ, ജ്യേഷ്ഠനെ പോലീസ് പിടിച്ചതിനെത്തുടർന്ന്, ഒളിവിൽ പോയിരിക്കുകയുമാണ്.

രാംപുരയിലെ ജോലി ഉപേക്ഷിച്ചു മടങ്ങിവന്നശേഷം, അച്ഛനും അമ്മയും തമ്മിലുള്ള വഴക്കു തീർക്കാൻ കരംജീത് ഒരു ശ്രമം നടത്തി. അയാരം വാച്ച് റിപ്പയർക്കടയിൽ ചെന്ന് അച്ഛനെ സഹായിക്കാൻ തുടങ്ങി. അവിടെവച്ചുതന്നെ കാസ്സററ് പ്ളെയറുകരം റിപ്പെയർചെ

യ്യാൻ ആരംഭിക്കുകയുംചെയ്തു. ഈ ജോലിയിൽ അയാൾക്കു വിജയം കൈവന്നു. എന്നാൽ, അച്ഛന്റെ കൈയിൽനിന്നു പണമൊന്നും കിട്ടാതിരുന്നപ്പോൾ, രണ്ടു വർഷത്തിനുശേഷം, കരംജീത്ത് സിംഹ് ആ തൊഴിൽ ഉപേക്ഷിച്ചു ദില്ലിയിലേക്കു പോയി.

കരംജീത് സിംഹ് കിഴക്കേ ദില്ലിയിൽ ബൽവീർസിംഹ് എന്ന സുഹൃത്തുമൊന്നിച്ചു പാർക്കുമ്പോഴാണ്, 1984 നവംബറിൽ, ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്ന്, ദില്ലിയിൽ സിഖ് വിരുദ്ധലഹള ഉണ്ടായതു്. ആക്രമണങ്ങളിൽനിന്നു രക്ഷപ്പെടാൻവേണ്ടി താടി വടിച്ചു കളയാനും തലമുടി ക്രോപ്പ്ചെയ്യാനും അയൽക്കാർ ബൽവീർസിംഹിനേയും അയാളെയും ഉപദേശിച്ചു. അതനുസരിച്ച് അവർ രണ്ടുപേരും ഒരു ക്ഷൗരക്കടയിൽ കയറി. കരംജീത്തിന്റെ മുടിവെട്ടും മുഖക്ഷൗരവും കഴിഞ്ഞ്, ബൽവീർസിംഹ് ക്ഷുരകന്റെ കസേരയിൽ ഇരുന്നു. ഈ സമയത്ത് ഏതാനും ലഹളക്കാർ കടയിൽ കടന്നുവന്നു. 'നിന്റെ ചങ്ങാതി എവിടെ?' എന്ന് അവർ ബൽവീർ സിംഹിനോടു ചോദിച്ചു. അവിടെത്തന്നെ ഇരുന്നിരുന്ന കരംജീത് സിംഹിനെ അവർ തിരിച്ചറിഞ്ഞില്ല. തങ്ങളുടെ ചോദ്യത്തിന് ഉത്തരം ലഭിക്കാതിരുന്നപ്പോൾ, ബൽവീർസിംഹിനെ അവർ ഒരു കുന്തംകൊണ്ടു കുത്തിക്കൊന്നു. കരംജീത് ഇതു കണ്ടു് തരിച്ചിരുന്നു.

ഈ സംഭവത്തോടെ കരംജീത്തിൽ വലിയൊരു പരിവർത്തനം വന്നു. അയാൾ ദില്ലിയിൽനിന്നു പഞ്ചാബിലേക്കു തിരിച്ചുപോയി. ഏതാനും മാസം അയാൾ ഒന്നും ചെയ്യാതെ വീട്ടിൽ ഇരുന്നു. തന്നോടു സംസാരിക്കാൻ വന്നവരോടെല്ലാം അയാൾ വഴക്കടിച്ചു. 'ഒറ്റയാൻ' എന്ന പേരിൽ അയാൾ കുപ്രസിദ്ധി നേടി. അമ്മയോടുപോലും ഒറ്റ അക്ഷരങ്ങളിലെ അക്കാലത്തു് അയാൾ സംസാരിക്കാറുള്ളു.

ദാരിദ്ര്യം നിമിത്തം, എന്തെങ്കിലും ജോലി ചെയ്തേ പറ്റൂ എന്നു വന്നപ്പോൾ, അയാൾ ഒരു സൈക്കിൾ റിപ്പയർക്കട തുടങ്ങി. ആറു മാസത്തിനകം കട പൊളിഞ്ഞു. ഇതിനെത്തുടർന്ന് ദിവസങ്ങളോളം അയാൾ വീട്ടിൽ വരാതായി. 'എവിടെ പോയിരുന്നു?' എന്ന ചോദ്യത്തിന് അയാൾ ഉത്തരമൊന്നും നൽകിയിരുന്നില്ല. ഇക്കാലത്ത് പഞ്ചാബിലെ ചില ഭീകരസംഘങ്ങളുമായി ബന്ധത്തിലേർപ്പെടാൻ അയാൾ ശ്രമിച്ചുവെന്നും, പക്ഷേ, ഫലമുണ്ടായില്ലെന്നും പറയപ്പെടുന്നു. എങ്കിലും, അടുത്തുള്ള ഒരു സിഖ് പുരോഹിതനും, മുമ്പ് പോലീസ് അറസ്റ്റ് ചെയ്തു വിട്ടിരുന്ന മറ്റു ചിലരും, ഉള്ളിൽ പ്രതികാരാഗ്നി വളരുന്നതിനു പറ്റിയ ഉപദേശങ്ങൾ അയാൾക്കു നൽകിപ്പോന്നു. രാജീവ് ഗാന്ധിയെ വധിക്കാനുള്ള ശ്രമത്തിൽ അവർ കരംജീത്തിനെ സഹായിച്ചുവോ എന്ന കാര്യം അന്വേഷണത്തിൽ തെളിയിക്കപ്പെടേണ്ടതാണ്.

പാട്യാലയിൽ ചെന്ന്, തന്റെ ദില്ലിസുഹൃത്തായിരുന്ന ബൽവീർ സിംഹിന്റെ അമ്മയെ കരംജീത്ത് സന്ദർശിച്ചിരുന്നു. 'പ്രധാനമന്ത്രിയെകൊന്ന്, ബൽവീർ സിംഹിന്റെ മരണത്തിനു പകരംവീട്ടാൻ ആ സ്ത്രീ എന്റെ മകനെ ഉപദേശിച്ചതായി എനിക്കറിയാം' എന്ന് ദയാൽ കൗർ പത്രപ്രതിനിധിയോടു പ്രസ്താവിക്കുകയുണ്ടായി..(സ്റ്റേറ്റ്സ്മാൻ, 10 ഒക്ടോബർ, 1986). ഇതു് രണ്ടു മാസം മുമ്പായിരുന്നു.

പാട്യാലയിൽനിന്നു വീട്ടിൽ തിരിച്ചെത്തിയ കരംജീത്ത് മുടി വെട്ടിക്കുകയും മുഖം വടിപ്പിക്കുകയുംചെയ്തു.

പിന്നീട് അയാൾ ദില്ലിയിലേക്കു പോയി. സെപ്തംബർ മധ്യത്തിൽ അയാൾ ഒരിക്കൽക്കൂടി വീട്ടിലേക്കു ചെന്നു; കുറച്ചു പണം അമ്മയ്ക്കു കൊടുക്കുകയുംചെയ്തു. നവരാത്രിക്കാലത്തു് കൂടുതൽ പണവുമായി വരാമെന്നു പറഞ്ഞ് അയാൾ ദില്ലിയിലേക്കുതന്നെ മടങ്ങി.

പിന്നീട് ദയാൽകൗർ മകന്റെ വിവരമറിയുന്നതു്, രാജീവ് ഗാന്ധിയെ വധിക്കുന്നതിന് അയാൾ നടത്തിയ വിഫലശ്രമത്തെത്തുടർന്നുള്ള അന്വേഷണത്തിന് പോലീസ് അവരുടെ വീട്ടിലെത്തിയപ്പോഴാണ്.

കരംജീത്തിന്റെ ആലോചനകളൊന്നും അറിഞ്ഞിരുന്നില്ലെങ്കിലും ദയാൽകൗറിന് മകന്റെ ഭാവിയെപ്പറ്റി ആശങ്കയുണ്ടായിരുന്നു. ദില്ലിയിലേക്കു തിരിച്ചുപോകുന്നതിൽനിന്ന് അവർ അയാളെ വിലക്കിയിരുന്നു. 'വരാനുള്ളതു വരും; തടയാൻ ആർക്കു കഴിയും?' എന്നായിരുന്നുവത്രേ കരംജീത്തിന്റെ പ്രതികരണം.

പഞ്ചാബിലെ മാൾവാ പ്രദേശത്ത്, നാല്പതിനായിരത്തോളം മാത്രം ജനസംഖ്യയുള്ള ഒരു ചെറുനഗരമാണ് സുനാം. അവിടെ അല്പമെങ്കിലും രാഷ്ട്രീയസ്വാധീനമുള്ളതു് കമ്യൂണിസ്റ്റ് പാർട്ടിക്കാണ്. പഴയ പെപ്സു നിയമസഭയിലേക്ക് ആദ്യമായി ഒരു കമ്യൂണിസ്റ്റ് അംഗം തെരഞ്ഞെടുക്കപ്പെട്ടതു് ഈ പ്രദേശത്തുനിന്നായിരുന്നു. കരംജീത്തിന്റെ അമ്മയുടെയും അച്ഛന്റെയും ആൾക്കാർ തലമുറകളായി സുനാംനഗരത്തിൽത്തന്നെ പാർത്തുവരുന്നവരാണ്. അവർക്ക് ആർക്കുമില്ല ഒരുതരം രാഷ്ട്രീയവും.

ജാലിയൻവാലാബാഗിലെ കൂട്ടക്കൊലയ്ക്കു് ഉത്തരവാദിയായിരുന്ന ജനറൽ ഒ. ഡയർ എന്ന ബ്രിട്ടീഷ് സൈനികോദ്യോഗസ്ഥനെ വർഷങ്ങൾക്കുശേഷം ബ്രിട്ടനിൽച്ചെന്നു വെടിവെച്ചു കൊന്നു തൂക്കുമരമേറിയ ഉദ്ദാംസിംഹ് എന്ന രക്തസാക്ഷി പിറന്നതു് സുനാം നഗരത്തിലാണ്. ശഹീദ് ഉദ്ദാംസിംഹിന്റെ ചിതാഭസ്മം, അദ്ദേഹത്തിന്റെ സ്മാരകമായി ആരംഭിച്ച ഗവണ്മെന്റ് കോളേജിലെ ലൈബ്രറിയിൽ ഒരു പേടകത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഉദ്ദാംസിംഹിന്റെ ദേശാഭിമാനപാരമ്പര്യത്തിൽ അഭിമാനിക്കുന്നവരാണ് ഈ നഗരത്തിലെ എല്ലാ പൗരന്മാരും. കരംജീത്ത്സിംഹ് പഠിച്ചതു് ഈ കോളേജിലാണ്. ഉദ്ദാംസിംഹിന്റെ ദേശപ്രേമത്തെ ഉൾക്കൊള്ളാതെ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ദീർഘകാലം കെടാതെ എരിഞ്ഞ പ്രതികാരതൃഷ്ണയെ മാത്രമാണ് കരംജീത്ത്സിംഹ് ഉൾക്കൊണ്ടതു് എങ്കിൽ, വിധിവൈപരീത്യമെന്നോ, കാലവൈപരീത്യമെന്നോ അല്ലാതെ വേറെ എന്താണ് അതിനെപ്പറ്റി പറയുക?

കരംജീത്തിന്റെ അച്ഛൻ അമർസിംഹിനെ പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു. അയാളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നറിഞ്ഞുകൂടാ. കരംജീത്തിന്റെ പേരിലുള്ള കേസ്സ് ഇതെഴുതുമ്പോഴും കോടതിയിലെത്തിയിട്ടില്ല. അതിനാൽ അതിനെ സംബന്ധിച്ച് അഭിപ്രായം പറയുന്നതു ശരിയല്ല. രാജീവ് ഗാന്ധിയെ വധിക്കാൻ ശ്രമിച്ചതിന്റെ പേരിൽ കരംജീത്തിനെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന വസ്തുത മുൻനിർത്തി, അയാളുടെ കുടുംബപശ്ചാത്തലം വരച്ചുകാട്ടുകയേ ഇവിടെ ചെയ്തിട്ടുള്ളൂ.

(30 നവംബർ, 1986)

## 41. മിസോറം: ഇരുപത്തിമൂന്നാമത്തെ സ്റ്റേറ്റ്

വലിപ്പംകൊണ്ടു നോക്കിയാൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ ഏഴാമത്തെ സ്ഥാനമാണ് ഇന്ത്യയ്ക്കു്; ജനസംഖ്യകൊണ്ടു നോക്കിയാൽ രണ്ടാമത്തെ സ്ഥാനവും. ഇരുപത്തിരണ്ടു സ്റ്റേറ്റുകളുടെയും ഒമ്പതു കേന്ദ്രഭരണ പ്രദേശങ്ങളുടെയും യൂണിയൻ ആണ് നമ്മുടെ ഈ വലിയ രാഷ്ട്രം.